**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള എത്ര നാളികേര സംഭരണ കേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് ഫാർമേഴ്സ് കോപ്പറേറ്റിവ് സൊസൈറ്റി, പാവറട്ടി കാർഷിക കർമസേന എന്നീ രണ്ടു നാളികേര സംഭരണ കേന്ദ്രങ്ങൾ മുഖേന കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തുന്നു. |
| (ബി) | സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനെയാണ്. നിലവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPOകൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പുവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തു വരുന്നത്. ഇപ്രകാരം ജില്ലാതല സമിതി ശുപാർശ ചെയ്യുന്ന ഏതു സഹകരണ സംഘത്തിനും കൃഷി ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ